# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي

**തീയതി: 8/09/2017 വിഷയം: സ്വാർത്ഥത വെടിയുക.**

فَأَمَّا مَنْ طَغَى* وَآثَرَ الْحَيَاةَ الدُّنْيَا* فَإِنَّ الْجَحِيمَ هِيَ الْمَأْوَى* وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَى ﴿النازعات﴾

- ഈവർഷത്തെ വിശുദ്ധ ഹജ്ജ് കർമ്മത്തിന് തിരശ്ശീല വീണു. ഹാജിമാർ നാടുകളിലേക്ക് മടങ്ങി തുടങ്ങി. നാം ഇവിടെ ബലിപെരുന്നാളും ഉളുഹിയ്യത്തും പൂർത്തിയാക്കി. കഴിഞ്ഞ കുറേ നാളുകളായി വലിയ ആരവമായിരുന്നു. ഹജ്ജ് ക്ലാസ്സുകൾ, യാത്രയയപ്പ്, ഹാജിമാരുടെ യാത്ര, ഹജ്ജ് ക്യാമ്പ്, ബലിപ്പെരുന്നാൾ, ഉളുഹിയ്യത്ത്..... അതെല്ലാം കഴിഞ്ഞു. ഇനി അടുത്ത സീസണിൽ. അതുവരെക്കും നാം നമ്മുടെ പഴയ ക്രമത്തിലേക്ക് ഉൾവലിയും.
- യഥാർത്ഥത്തിൽ ബലിപെരുന്നാളും ഉളുഹിയ്യത്തും നമ്മിൽ ഉണർത്തേണ്ടത് ഇബ്റാഹീം നബി(അ)ന്റെ അതുല്യ പോരാട്ടത്തിന്റെ സന്ദേശമാണ്.

ലോകചരിത്രം തന്നെ പോരട്ടങ്ങളുടെ ചരിത്രമാണ്. ധർമ്മവും അധർമ്മവും തമ്മിൽ, മനുഷ്യനും പിശാചും തമ്മിൽ, ആദം നബിക്കെതിരെ തിരിഞ്ഞ ഇബ്ലീസിനോടും മക്കളോടുമാണ് ഇന്നും വിശ്വാസികൾ പോരടിക്കുന്നത്. അവൻ നമ്മുടെ കഠിന ശത്രുവാണ്.

أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَن لَّا تَعْبُدُوا الشَّيْطَانَ ۖ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ ﴿يس: ٦٠﴾

ചരിത്രത്തിൽ ആദ്യമായി, അല്ലാഹുവിനു പകരം സൃഷ്ടിപൂജയും വ്യക്തി പൂജയും ആരംഭിച്ചവർക്കെതിരെയായിരുന്നു നൂഹ് നബി(അ)ന്റെ പോരാട്ടം.

قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِي وَاتَّبَعُوا مَن لَّمْ يَزِدْهُ مَالُهُ وَوَلَدُهُ إِلَّا خَسَارًا (٢١) وَمَكَرُوا مَكْرًا كُبَّارًا (٢٢) وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا ﴿نوح:٢٣﴾

അടിച്ചമർത്തപ്പെട്ട ന്യൂനപക്ഷത്തിന്റെ വിമോചനത്തിന് വേണ്ടിയായിരുന്നു മൂസാ (അ) ഫറോവയോട് പോരാടിയത്.

فَأْتِيَا فِرْعَوْنَ فَقُولَا إِنَّا رَسُولُ رَبِّ الْعَالَمِينَ (١٦) أَنْ أَرْسِلْ مَعَنَا بَنِي إِسْرَائِيلَ ﴿الشعراء : ١٧﴾

കുത്തഴിഞ്ഞ ലൈംഗീകതക്കെതിരെ ധാർമ്മികതക്ക് വേണ്ടി ലൂത്വ് (അ) പോരാടി.

أَتَأْتُونَ الذُّكْرَانَ مِنَ الْعَالَمِينَ (١٦٥) وَتَذَرُونَ مَا خَلَقَ لَكُمْ رَبُّكُم مِّنْ أَزْوَاجِكُم ۚ بَلْ أَنتُمْ قَوْمٌ عَادُونَ (١٦٦) قَالُوا لَئِن لَّمْ تَنتَهِ يَا لُوطُ لَتَكُونَنَّ مِنَ الْمُخْرَجِينَ (١٦٧) قَالَ إِنِّي لِعَمَلِكُم مِّنَ الْقَالِينَ ﴿الشورة:١٦٨﴾

കറുത്ത വർഗ്ഗക്കാരെ അടിച്ചമർത്തിയതിന് എതിരെ എബ്രഹാം ലിങ്കൺ പോരാടി. അധിനി വേശത്തിനെതിരെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു സ്വാതന്ത്ര്യസമരം. ഇന്ന് ഫലസ്തീനികൾ ചെയ്യുന്നതും ഇതാണ്. 1964ൽ ഫലസ്തീൻ എന്ന മുസ്‌ലിം രാജ്യത്തെ വിഭജിച്ച് ബ്രിട്ടൺ ജൂത രാഷ്ട്രം സ്ഥാപിച്ചു. അതിനു ശേഷം ഫലസ്തീൻ മണ്ണിൽ നിന്നും അവരെ ഇറക്കിവിട്ട് ഇസ്റയേൽ അവിടെ ജൂതന്മാരെ കുടിയിരുത്തുന്നു. അതിനെതിരെ സ്വന്തം നാടിനും അവകാശങ്ങൾക്കും വേണ്ടിയാണ് ഫലസ്തീനികളുടെ പോരാട്ടം.

➢ ഈ പോരാട്ടങ്ങളുടെയെല്ലാം പ്രത്യേകത: ഇവിടെയെല്ലാം പ്രതിയോഗി അപരനാണ്. അഥവാ മറ്റൊരു വ്യക്തി, സമൂഹം, രാഷ്ട്രം, ശക്തി എന്നിവയാണ് ശത്രു. മറ്റൊന്നിനെ തോൽപ്പിക്കാൻ സ്വാഭാവികമായും ആഗ്രഹവും ആവേശവും ഉണ്ടാകും.

➢ എന്നാൽ ഇബ്റഹീം(അ)നടത്തിയ പോരാട്ടം സ്വന്തത്തിന് എതിരെയാണ്. സ്വന്തം ആഗ്രഹത്തിനെതിരെ മല്ലടിച്ചു. ആറ്റു

നോറ്റ് ലഭിച്ച മകനെ ബലി നൽകാൻ കൽപ്പന വന്നു. അത് നടപ്പാക്കാൻ അദ്ദേഹം പരിശ്രമിച്ചു.

قَالَ يَا بُنَيَّ إِنِّي أَرَىٰ فِي الْمَنَامِ أَنِّي أَذْبَحُكَ فَانْظُرْ مَاذَا تَرَىٰ ۚ

﴿الصافات: ١٠٢﴾

ഇവിടെ ഇബ്രാഹീം നബിയുടെ മുന്നിൽ രണ്ട് വഴിയേ ഉണ്ടായിരുന്നുള്ളൂ.

1. റബ്ബാനിയ്യത്ത് (റബ്ബിന്റെ ആഗ്രഹം) 2.നഫ്സാനിയ്യത്ത് (ദേഹേഛ). അദ്ദേഹം ആദ്യം തന്നെ നഫ്സാനിയ്യത്തിനെ ബലിയറുത്തു. അഥവാ തന്റെ ഇഛയെ അറുത്തുമാറ്റി. ശേഷം മകനെ റബ്ബിന്റെ ആഗ്രഹത്തിനായി സമർപ്പിച്ചു.

فَلَمَّا أَسْلَمَا وَتَلَّهُ لِلْجَبِينِ ﴿الصافات: ١٠٣﴾

➢ ഈ പോരാട്ടത്തിന്റെ പ്രത്യേകത: നഷ്ടം സ്വന്തത്തിന് തന്നെയാണ്.. മറ്റ് പോരാട്ടങ്ങളിൽ നഷ്ടം ശത്രുവിനാണ്. ഇവിടെ സ്വന്തം താൽപര്യത്തിനും, ഇഷ്ടത്തിനും സ്വാർത്ഥതക്കുമാണ് നഷ്ടം വരുന്നത്. തന്മൂലം ഇത് ഏറ്റവും വലിയ പോരാട്ട മാണ്. ഏറ്റവും ഭാരമേറിയതുമാണ്.

عن رسول الله صلى الله عليه وسلم أنه قال إِثْرَ رُجُوعِهِ مِنْ إِحْدَى غَزَوَاتِهِ: رَجَعْنَا مِنَ الْجِهَادِ الْأَصْغَرِ إِلى الْجِهَادِ الأَكْبَرِ، قَالُوا: وَمَا الْجِهَادُ الْأَكْبَرُ؟ قَال: جِهَادُ الْقَلْبِ (إحياء) عن جابر قال رسول الله (ص) رَجَعْنَا مِنَ الْجِهَادِ الْأَصْغَرِ إِلى الْجِهَادِ الأَكْبَرِ (البيهقي)

➢ ഇന്ന് നാം തോൽക്കുന്നത് നമ്മുടെ സ്വാർത്ഥതയുടെ മുന്നിലാണ്. ഉദാ: മറ്റുള്ളവരെ കുറ്റപ്പെടുത്താൻ എളുപ്പമാണ്. അവർ നമ്മെ കുറ്റപ്പെടുത്തുന്നത് നാം സഹിക്കില്ല. നാം വിൽക്കുന്നതിന് വില കൂടുതൽ കിട്ടണം. നാം വങ്ങുന്നതിന് വില കുറച്ച് തരണം. നമുക്കായ് ബസ് നിർത്തണം. നാം കയറിയാൽ പിന്നെ നിർത്തരുത്. നമുക്ക് മറ്റുള്ളവർ സീറ്റ് ഒഴിഞ്ഞ് തരണം. മറ്റുള്ളവർ വരുമ്പോൾ നാം കാണാതിരിക്കും.

അല്ലാഹുവിന്റെ താൽപര്യവും നമ്മുടെ താൽപര്യവും തമ്മിൽ എതിരായാൽ നാം നമ്മുടെ താൽപര്യത്തിന് മുൻഗണന

നൽകും. ഉദാ: ബാ ങ്കുവിളിക്കുമ്പോൾ സംസാരിച്ചു കൊണ്ടിരിക്കുന്നവർ അത് നിർത്തുന്നില്ല.

قال السيوطي: إِنَّ مَنْ تَكَلَّمَ حَالَ الْأَذَانِ يُخْشَى عَلَيْهِ سُوءُ الْخَاتِمَةِ (مختصر أذكار النووي)

സുബ്ഹി ബാങ്ക് വിളിക്കുമ്പോൾ നിസ്കരിക്കണോ ഉറങ്ങണോ? നാം എങ്ങിനെയാണ് പ്രവർത്തിക്കുന്നത് എന്ന് ആലോചിക്കണം.

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ أَثْقَلَ صَلَاةٍ عَلَى الْمُنَافِقِينَ صَلَاةُ الْعِشَاءِ وَصَلَاةُ الْفَجْرِ، وَلَوْ يَعْلَمُونَ مَا فِيهِمَا لَأَتَوْهُمَا وَلَوْ حَبْوًا وَلَقَدْ هَمَمْتُ أَنْ آمُرَ بِالصَّلَاةِ فَتُقَامَ ثُمَّ آمُرَ رَجُلًا فَيُصَلِّيَ بِالنَّاسِ ثُمَّ أَنْطَلِقَ مَعِي بِرِجَالٍ مَعَهُمْ حُزَمٌ مِنْ حَطَبٍ إِلَى قَوْمٍ لَا يَشْهَدُونَ الصَّلَاةَ فَأُحَرِّقَ عَلَيْهِمْ بُيُوتَهُمْ بِالنَّارِ(متفق عليه)

(=മുനാഫിക്കുകൾക്ക് ഏറ്റവും ഭാരമുള്ളത് സുബ്ഹ്, ഇശാ നിസ്കാരങ്ങളാണ്. അതിലെ നന്മ അറിഞ്ഞിരുന്നെങ്കിൽ അവർ ഇഴഞ്ഞാണെങ്കിലും നിസ്കരിക്കാൻ വരുമായിരുന്നു. ജമാഅത്തിന് വരാത്തവരുടെ വീട് കത്തിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.)

➢ ഇവിടെയാണ് അല്ലാഹുവിന്റെ തൃപ്തിക്കായി നാം നടത്തുന്ന ഉളുഹിയ്യത്തും ഇബ്റാഹീം നബിയും പ്രസക്തമാകുന്നത്. സ്വന്തം ഇഛകളുടെ അടിമകളാകാതിരിക്കുക. സ്വാർത്ഥതയെ (هَوى النَّفْس) വെടിയുന്നവർക്കാണ് സ്വർഗ്ഗം

فَأَمَّا مَنْ طَغَى* وَآثَرَ الْحَيَاةَ الدُّنْيَا* فَإِنَّ الْجَحِيمَ هِيَ الْمَأْوَى* وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَى* فَإِنَّ الْجَنَّةَ هِيَ الْمَأْوَى﴿النازعات:٣٧-٤١﴾